**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1880** **08-10-2021 - ൽ മറുപടിയ്ക്ക്**

**കാലിത്തീറ്റയുടെയും വൈക്കോലിന്റെയും വിലവർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. ടി. തോമസ്** | | **Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | കാലിത്തീറ്റയ്ക്കും വൈക്കോലിനും തുടരെയുണ്ടാകുന്ന വിലവർദ്ധനവ് ക്ഷീര കർഷകരെ കടുത്ത പ്രതിസന്ധിയിലാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കാലിത്തീറ്റയുടെ വില നിയന്ത്രിക്കുന്നതിനും വൈക്കോലും പച്ചപ്പുല്ലും ലഭ്യമാക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. കേരളത്തിൽ പാലുല്പാദന വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സമീകൃത കാലിത്തീറ്റയെ ആശ്രയിച്ചുകൊണ്ടുള്ള പാലുല്പാദനം വളരെ ചെലവേറിയതാണ്. ഇത് കർഷകർക്ക് നഷ്ടമുണ്ടാക്കുന്നു. ഇതിനെ മറികടക്കുക എന്ന ലക്ഷ്യത്തോടെയാണ് ക്ഷീരവികസന വകുപ്പ് സംസ്ഥാനത്തുടനീളം പുൽകൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. തീറ്റപ്പുല്ലിനെ ആശ്രയിച്ച് പശുവളർത്തുന്ന കർഷകർക്ക് ലാഭകരമായി പശുവളർത്തൽ മുന്നോട്ട് കൊണ്ടുപോകാൻ കഴിയും. ഈ വർഷത്തെ പദ്ധതികളിൽ സംഘങ്ങൾക്ക് പാരമ്പര്യേതര തീറ്റവസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള കാലിത്തീറ്റ നിർമ്മാണത്തിനായുള്ള ഒരു നൂതനപദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, വൈക്കോൽ ബെയ്‌ലിംഗ് യൂണിറ്റ് പദ്ധതിയും നടപ്പാക്കുന്നുണ്ട്. ഈ വർഷം 473 ലക്ഷം രൂപ 2200 ഹെക്ടറിൽ പുൽകൃഷി നടത്തുന്നതിനായി വകയിരുത്തിയിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വെല്ലുവിളി നേരിട്ടുകൊണ്ടിരിക്കുന്ന ക്ഷീരകർഷകർക്ക് ദുരിതാശ്വാസ പദ്ധതിയുടെ ഭാഗമായി കർഷകർ സംഘങ്ങളിൽ നിന്നും വാങ്ങുന്ന കാലിത്തീറ്റയ്ക്ക് ഒരു ചാക്കിന് 400/- രൂപ ധനസഹായം നൽകി. 11.23 കോടി രൂപയുടെ 2.81 ലക്ഷം ചാക്ക് കാലിത്തീറ്റ 2.04 ലക്ഷം കർഷകർക്ക് കോവിഡ് പ്രത്യേക കാലിത്തീറ്റ പാക്കേജായി വിതരണം ചെയ്തുവരുന്നു. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ വൈക്കോൽ സംഭരിച്ച് കുറഞ്ഞ വിലയിൽ ലഭ്യമാക്കാൻ എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടികൾ സ്വീകരിക്കുമോ? | (സി) | ഉണ്ട്. ക്ഷീരസഹകരണ സംഘങ്ങൾ വഴി പച്ചപ്പുല്ല്, വൈക്കോൽ തുടങ്ങിയവ സബ്സിഡി നിരക്കിൽ നൽകുന്ന ക്യാറ്റിൽ ഫീഡിംഗ് സബ്സിഡി പദ്ധതി ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നു. നടപ്പ് സാമ്പത്തിക വർഷം 1 ലക്ഷം രൂപ വീതമുള്ള 233 യൂണിറ്റാണ് ക്യാറ്റിൽ ഫീഡിംഗ് സബ്സിഡി ഇനത്തിൽ വകയിരുത്തിയി ട്ടുള്ളത്. |

സെക്ഷൻ ഓഫീസർ